(ഡി) തൃശ്ശൂരിലെ കെൽട്രോൺ പവർ ഡിവൈസസ്, കെൽടിഫയേഴ്സ് എന്നീ കമ്പനികളെ അടച്ചുപൂട്ടുന്നതിനുവേണ്ടിയുള്ള ബി.ഐ.എഫ്.ആർ. ഉത്തരവ് കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ മേൽ നടപടി സ്വീകരിക്കുന്നതാണ്.

ജസ്റ്റിസ് ജോൺ മാത്യു കമ്മീഷൻ മുമ്പാകെ തെളിവ് നൽകിയ സംഘടനകൾ

17 [2885] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം സംബന്ധിച്ച് ജസ്റ്റിസ് ജോൺ കെ. മാത്യു കമ്മീഷൻ സർക്കാരിന് നൽകിയ റിപ്പോർട്ടിൽ ഏതൊക്കെ സന്നദ്ധ സംഘടനകളാണ് തെളിവ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സംഘങ്ങളിൽ പലതും വ്യാജമാണെന്ന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന സന്നദ്ധ സംഘടനകൾ ജസ്റ്റിസ് ജോൺ മാത്യു കമ്മീഷൻ മുമ്പാകെ കരിമണൽ ഖനനം സംബന്ധിച്ച് തെളിവ് നൽകിയിട്ടുള്ളതായി റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്:

1. പ്രസിഡന്റ്, എസ്.എൻ.ഡി.പി. യൂണിയൻ, കായംകുളം.
2. ആലപ്പുഴ ജില്ലാ കോൺഗ്രസ്, ഐ.എൻ.ടി.യു.സി., രജി. നമ്പർ 21/81, വലിയഴീക്കൽ.
3. റെവ. ഫാദർ പ്രേം ഫെർണി, സെന്റ് ആന്റണീസ് ചർച്ച്, കായംകുളം.
4. വ്യാസ സ്മാരക അരയജനസഭ, വലിയഴീക്കൽ, ആലപ്പുഴ.
5. ശ്രീ. എ. കാസിം, പല്ലന മുസ്ലീം ജമാഅത്ത് സെക്രട്ടറി.
6. പല്ലന മുസ്ലീം ജമാ അത്ത്, രജി. നമ്പർ 121, പല്ലന, ആലപ്പുഴ.
7. ശ്രീ. ജേറോം, വി. താഴ്ചയിൽ, പ്രസിഡന്റ്, ന്യൂനപക്ഷ മോർച്ച, ബി.ജെ.പി., ഹരിപ്പാട് മണ്ഡലം കമ്മിറ്റി.
8. സെക്രട്ടറി, ഹരിപ്പാട്-ആറാട്ടുപുഴ ഭൂമി-പരിസ്ഥിതി-സംരക്ഷണ സമിതി, രജി. നമ്പർ 5332/03.
9. സെക്രട്ടറി, എ.കെ.ഡി.എസ്. ബ്രാഞ്ച് നമ്പർ 225, കള്ളിക്കാട്, ആറാട്ടുപുഴ.
10. സെക്രട്ടറി, നേതാജി സ്വയം സഹായസംഘം, കള്ളിക്കാട്, ആറാട്ടുപുഴ.
11. സെക്രട്ടറി, കോസ്റ്റൽ ഡെവലപ്പ്മെന്റ് ആന്റ് വെൽഫെയർ ചാരിറ്റബിൾ സൊസൈറ്റി.
12. സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഇൻലാന്റ് ഫിഷറീസ് യൂണിയൻ, കാർത്തികപ്പള്ളി,

LIBRARY ARCHIVES Kerala Legislative Assembly

13. പ്രസിഡൻറ്, ആർ.വൈ.എഫ്. (ബി).
14. സെക്രട്ടറി, എസ്.എൻ.ഡി.പി. ബ്രാഞ്ച് നമ്പർ-4012, പല്ലന.
15. പ്രസിഡൻറ്, പൗർണമി കലാ-കായിക-സാംസ്കാരിക സംഘടന, രജി. നമ്പർ എ 677/2001.
16. സെക്രട്ടറി, എസ്.എൻ.ഡി.പി. ബ്രാഞ്ച്-541, പല്ലന.
17. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) എറണാകുളം ഡിസ്ട്രിക്ട് കമ്മിറ്റി, കൊച്ചി.
18. ഹരിപ്പാട്-ആറാട്ടുപുഴ ഭൂമി സംരക്ഷണ സമിതി, ഹരിപ്പാട്.

(ബി) ജസ്റ്റിസ് ജോൺ മാത്യു കമ്മീഷൻ റിപ്പോർട്ടിൽ അനുബന്ധം-3 ആയി ചേർത്തിട്ടുള്ള അഡ്രസ്സുകളിൽ 106-ാം നമ്പരായിട്ടുള്ള ശ്രീകുമാർ, സെക്രട്ടറി, എ.കെ.ഡി.എസ്. ബ്രാഞ്ച് നമ്പർ 225, കള്ളിക്കാട്, ആറാട്ടുപുഴ, കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രകാരം ഒരു നിവേദനം നൽകിയിട്ടില്ലെന്ന് അറിയിക്കുകയുണ്ടായി. പരിശോധനയിൽ ടി നിവേദനം എ.കെ.ഡി.എസ്സിന്റെ ലറ്റർ ഹെഡ്ഡിൽ ശ്രീകുമാർ, സെക്രട്ടറി എന്ന പേരിൽ തന്നെ നൽകിയിട്ടുള്ളതായി കണ്ടു. പിന്നീട് വന്ന വിയോജന കുറിപ്പ് മറ്റൊരു ലറ്റർ ഹെഡ്ഡിലാണ് തന്നിട്ടുള്ളത്. പരിശോധനയിൽ രണ്ട് ഒപ്പുകളും വ്യത്യസ്തമായി കണ്ടിട്ടുണ്ട്. മേൽപ്പറഞ്ഞ ഒരു കേസ് മാത്രമാണ് വ്യാജമാണെന്ന പരാതി ലഭിച്ചിട്ടുള്ളത്.

(സി) ഇല്ല. അന്വേഷണത്തിന് പ്രസക്തിയുള്ളതായി കരുതുന്നില്ല.

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ചെറുകിട വ്യവസായങ്ങൾ

18 [2886] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും പ്രകൂപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട എലത്തൂർ, തലക്കളത്തൂർ, ഉള്ളിയേരി, അത്തോളി, ബാലുശ്ശേരി, പനങ്ങാട്, നൻമണ്ട പഞ്ചായത്തുകളിൽ എത്ര ചെറുകിട വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) അതിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1099 ചെറുകിട വ്യവസായങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 825 എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്.

കേരള സോപ്സ് ആൻറ് ഓയിൽസിന്റെ ഉൽപ്പാദനം പുനരാരംഭിക്കുവാൻ നടപടി

19 [2887] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സോപ്പ്സ് ആൻറ് ഓയിൽസിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly